(13) പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു കിട്ടുന്നതിലുള്ള കാലതാമസം ഒഴിവാക്കാനും ഇക്കാര്യത്തിൽ അപ്പോഴപ്പോൾ ഉള്ള പരാതികൾക്ക് നടപടി എടുക്കാനായി ഒരു പരാതി സെൽ രൂപീകരിക്കുക.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന ശുപാർശകളിൽ 1, 6, 8, 10, 11,12,13, എന്നീ ശുപാർശകൾ 11-2-1986-ലെ ജി.ഒ. (പി) 146/86/ഫിൻ., 19-3-1986-ലെ ജി.ഒ. (പി) 235/86(45)/ഫിൻ. എന്നീ ഉത്തരവുകൾ പ്രകാരം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്.

(സി) ചർച്ച നടത്തുകയുണ്ടായി.

(ഡി) നാലാം കേന്ദ്ര ശമ്പളകമ്മീഷന്റെ ശുപാർശകളിൽ പെൻഷൻകാരുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് എടുക്കുന്ന തീരുമാനം അറിഞ്ഞ ശേഷം സംസ്ഥാന പെൻഷൻകാരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(ഇ) ഉത്തരം 'ഡി'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാന ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ട് ജോലികൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ നടപടി

1986 [3058] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ:
,, കെ.ടി. കുമാരൻ:
ഡോ. എ. സുബ്ബറാവു:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ അക്കൗണ്ടന്റ് ജനറൽ ആഫീസിൽ ചെയ്തുകൊണ്ടിരിക്കുന്ന സംസ്ഥാനജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ജോലികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കംപ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി സംസ്ഥാനത്തിന് ഉണ്ടാകാവുന്ന അധിക സാമ്പത്തിക ബാദ്ധ്യത എത്ര?

ഉത്തരം

(എ) ഇക്കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്.

(ബി) സാമ്പത്തിക ബാദ്ധ്യത കണക്കാക്കപ്പെട്ടിട്ടില്ല.

സംസ്ഥാന ജീവനക്കാർക്ക് ടി.എ.

1987 [3059] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് ടി. എ. നൽകുന്നത് ഏതൊക്കെ ചട്ടങ്ങൾ പ്രകാരമാണ്;

(ബി) കെ. എസ്. ആർ. പാർട്ട് രണ്ടിൽ ഉൾപ്പെടാത്ത ഏതെങ്കിലും നിയമം ഇതിനു ബാധകമാണോ?

LIBRARY ARCHIVES Kerala Legislative Assembly